3. അവിണിശ്ശേരി പഞ്ചായത്തിലെ വിവിധ വാർഡുകളിലേക്കായി എ.ആർ.പി./എൻ.സി./പി.സി.-യിൽപ്പെടുത്തിയിട്ടുള്ള രണ്ട് പദ്ധതികൾ. (1. എസ്റ്റിമേറ്റ് തുക 60 ലക്ഷം രൂപ) (2. എസ്റ്റിമേറ്റ് തുക 76 ലക്ഷം രൂപ)

4. ചാഴൂർ, താന്ന്യം പഞ്ചായത്തുകൾക്കുവേണ്ടി എ.ആർ.പി.-എൻ.സി./പി.സി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതി (എസ്റ്റിമേറ്റ് തുക 43 ലക്ഷം രൂപ)

5. പാറളം പഞ്ചായത്തിനു വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി. (എസ്റ്റിമേറ്റ് തുക 270 ലക്ഷം രൂപ)

(ബി) പാറളം ശുദ്ധജല വിതരണ പദ്ധതിയുടെ പണികൾ 1998-ലാണ് ആരംഭിച്ചത്. ഈ പദ്ധതിയുടെ കിണർ, ശുദ്ധീകരണശാല, സംഭരണി, വിതരണ ശൃംഖല എന്നീ ഘടകങ്ങളുടെ പണികൾ പൂർത്തിയായിട്ടുണ്ട്. പമ്പിംഗ് മെയിൻ ഇടുന്നതിനുള്ള ടെണ്ടർ (റീ ടെണ്ടർ) പരിശോധനാ ഘട്ടത്തിലാണ്. ഈ പദ്ധതി 3/2005-ൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) തൃശ്ശൂർ കോർപ്പറേഷൻ പ്രദേശത്തു മാത്രമായി പുതുതായി പ്രത്യേക പദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ പീച്ചിയിൽ നിന്നും ഒരു പുതിയ ഗ്രാവിറ്റി മെയിൻ സ്ഥാപിച്ച് 20 എം.എൽ.ഡി. വെള്ളം കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്.

തൃശ്ശൂർ കോർപ്പറേഷനിൽപ്പെടുന്ന പഴയ ഒല്ലൂർ പഞ്ചായത്തിലേയ്ക്കായി എൽ.ഐ.സി.-യുടെ ധനസഹായത്തോടെ 960 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള ബൃഹത്തായ ഒരു പദ്ധതിയുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള, സ്രോതസ്സ്, ശുദ്ധീകരണശാല മുതലായ ഘടകങ്ങൾ ചേർപ്പ് നിയോജകമണ്ഡലത്തിലേക്കുള്ള പദ്ധതി, ഊരകത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി, ചേവൂർ, മരത്താക്കര വില്ലേജുകൾക്കുവേണ്ടിയുള്ള പദ്ധതി എന്നിവയുമായി സംയുക്തമായി നടപ്പിലാക്കി വരുന്നു.

(ഡി) കുർക്കഞ്ചേരി മേഖലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ നിലവിൽ രണ്ടു ഷിഫ്റ്റുകളുള്ള പമ്പ് ഹൗസിൽ മൂന്നാമതൊരു ഷിഫ്റ്റുകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാൽവുകൾ ക്രമീകരിച്ച് ജലവിതരണം ഉയർന്ന ഭാഗങ്ങളിലേക്ക് എത്തിക്കുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ട്. മാത്രമല്ല ഈ വർഷത്തെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി പുതിയ കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്.

ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ

49 [1027] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എന്നാണ് ഈ പദ്ധതിക്ക് ആരംഭം കുറിച്ചതെന്നും എത്ര ഘട്ടങ്ങളിലായി പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് എന്നും ഏതെല്ലാം ഘട്ടങ്ങളിലെ പണിയാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് ഏതു വർഷം കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; ഇപ്പോഴത്തെ സ്ഥിതിയിൽ എന്നേക്ക് കമ്മീഷൻ ചെയ്യാനാകും എന്നറിയിക്കാമോ;

(ഡി) പദ്ധതിയുടെ അവസാനഘട്ടമായ ഫറോക്കിലെ ഒ.എച്ച്. ടാങ്കിന്റേയും ശുദ്ധീകരണ പ്ലാന്റിന്റേയും ടെണ്ടർ നടപടികൾ നിർത്തിവെച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) എൽ.ഐ.സി. വാഗ്ദാനം ചെയ്ത തുകയിൽ എത്ര കോടി രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്;

(എഫ്) ഫറോക്ക്, കരുവാൻതിരുത്തി പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത വിലയിരുത്തി പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചീക്കോട് ശുദ്ധജല പദ്ധതിക്കാവശ്യമായ ഭൂമി അക്വയർ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ചാലിയാർ പുഴയിൽ ഇരട്ടമൂഴി എന്ന സ്ഥലത്ത് കിണറിന്റെ പ്രവൃത്തി പൂർത്തിയായി. പമ്പ് ഹൗസിന്റെ പണി പൂർത്തിയായി വരുന്നു. 900 മി.മീ. വ്യാസമുള്ള സി.ഐ.റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 53 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയുടെ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 23.04 ലക്ഷം ലിറ്റർ ശേഷിയുള്ള ചുള്ളിക്കോട് ഭൂതല സംഭരണിയുടെയും ശുദ്ധീകരണശാലയിലേക്കുള്ള അപ്രോച്ച് റോഡിന്റേയും പണി പൂർത്തീകരിച്ചു. 400 മി.മി. വ്യാസമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും വിതരണ ശൃംഗലയും പൈപ്പുകൾ ലഭ്യമാക്കി സ്ഥാപിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 1996 മാർച്ചിലാണ് ഈ പദ്ധതിക്ക് ആരംഭം കുറിച്ചത്. ആദ്യപടിയായി കിണർ, പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പണി ആരംഭിച്ചു. അടുത്ത പടിയായി ശുദ്ധീകരണശാലയുടെ പണി ആരംഭിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുശേഷം ബാക്കി ഘടകങ്ങളുടെ പണികൾ ഏറ്റെടുത്തു നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ കിണറിന്റെ പണി പൂർത്തിയായി. പമ്പ് ഹൗസിന്റെ പണി പൂർത്തിയായി വരുന്നു. റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി 2005 ഡിസംബറിൽ കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത് എന്നാൽ ഇപ്പോഴത്തെ സ്ഥിതിയിൽ ഫണ്ടിന്റെ ലഭ്യതക്കനുസൃതമായി പദ്ധതി 2007 മാർച്ചിൽ കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഫറോക്കിൽ ഉന്നതതല ടാങ്ക് മാത്രമേ ഉള്ളൂ. ശുദ്ധീകരണശാല ചീക്കോടാണ് ഉദ്ദേശിച്ചിട്ടുള്ളത്. ശുദ്ധീകരണശാല പൂർത്തിയായതിന് ശേഷം ഫറോക്ക് വരെയുള്ള മറ്റനുബന്ധ പൈപ്പ് ലൈനുകളുടെയും ബാലൻസിംഗ് ടാങ്കിന്റേയും പ്രവൃത്തി ആരംഭിക്കുന്നതോടൊപ്പം ഫറോക്ക് ടാങ്കിന്റെ പ്രവൃത്തി ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) ചീക്കോട് ശുദ്ധജല പദ്ധതിയുടെ ഭാഗമായ 7 പദ്ധതികൾക്കായി എൽ.ഐ.സി. 2335.57 ലക്ഷം രൂപ വാഗ്ദാനം ചെയ്തിരുന്നു. ഇതിൽ 1100.94 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ പദ്ധതികളുടെ പൊതുവായ ഘടകങ്ങളുടെ പണി പൂർത്തിയാക്കി ജലലഭ്യത ഉറപ്പു വരുത്തിയതിന് ശേഷമേ ഫറോക്ക്-കരുവൻതിരുത്തി വില്ലേജുകൾക്കുള്ള പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു.

മഞ്ചേരി മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം

50 [1028] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം എപ്പോഴാണ് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ എന്തുതുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രവർത്തനം നടക്കുന്നുണ്ട്.

(ബി) ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം 1996-ലാണ് തുടങ്ങിയത്.

(സി) 2007 മാർച്ചിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ (2004-05) 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തൃത്താല മണ്ഡലത്തിലെ പുളിയപറ്റ കായൽ സംരക്ഷണ പദ്ധതി

51 [1029] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല മണ്ഡലത്തിലെ പുളിയപറ്റ കായൽ സംരക്ഷണ പദ്ധതി നടപ്പിലാക്കാൻ സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് എത്രയാണ്;

(ഡി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly